(ഇ) നിലനിൽക്കുന്നില്ലെങ്കിൽ അതിനുള്ള കാരണം വ്യക്തമാക്കുമോ ?

ജലസേചനവും തൊഴിലും വകുപ്പുമന്ത്രി (ശ്രീ. വി. പി. രാമകൃഷ്ണപിള്ള) :

(എ) മുൻ സർക്കാരിന്റെ കാലത്ത് ചെറുകിട ജലസേചനരംഗത്ത്-ജലധാരാപദ്ധതി, ജലവാഹിനി പദ്ധതി, ചെക്ക് ഡാം പദ്ധതി, മലയോര ജലസംഭരണ പദ്ധതി, കേരള സാമൂഹ്യ ജലസേചന പദ്ധതി എന്നിവ ആരംഭിച്ചിട്ടുണ്ട്. കൂടാതെ ആർ.ഐ.ഡി.എഫ്-ന്റെ അനുമതിയോടെ യൂറോപ്യൻ യൂണിയന്റെ സഹായത്താൽ കേരള മൈനർ ഇറിഗേഷൻ പദ്ധതിയും ആരംഭിച്ചിട്ടുണ്ട്.

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പുതുതായി നബാർഡിന്റെ സഹായത്തോടെ ആർ.ഐ.ഡി.എഫ്. 2 മുതൽ 6 വരെ 202 സ്കീമുകൾ നടപ്പിലാക്കി വരുന്നു. കൂടാതെ ജനകീയാസൂത്രണത്തിന്റെ ഭാഗമായി ഏകദേശം 15 കോടി രൂപയുടെ പദ്ധതികൾ പഞ്ചായത്തുകൾ വഴി നടത്തുന്ന പദ്ധതിയും തുടങ്ങിയിട്ടുണ്ട്.

(സി) 47891 ഹെക്ടർ സ്ഥലത്ത്.

(ഡി) ഉണ്ട്.

(ഇ) ഉദിക്കുന്നില്ല.

സഹകരണ ജീവനക്കാർക്ക് സ്വാശ്രയ പെൻഷൻ പദ്ധതി

14 (*192) ശ്രീ. ലോനപ്പൻ നമ്പാടൻ :
ശ്രീ. ടി. കെ. ബാലൻ :
ശ്രീമതി കെ. കെ. ശൈലജ ടീച്ചർ :
ശ്രീ. ആനത്തലവട്ടം ആനന്ദൻ :
ശ്രീ. എം. പി. വർഗ്ഗീസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ സഹകരണ ജീവനക്കാർക്ക് ഏർപ്പെടുത്തിക്കഴിഞ്ഞ സ്വാശ്രയപെൻഷൻ പദ്ധതി സഹകരണമേഖലയിലെ എല്ലാ ജീവനക്കാർക്കും ബാധകമാക്കുന്നതിനെ സംബന്ധിച്ച് സർക്കാർ എന്തെങ്കിലും തീരുമാനം കൈക്കൊണ്ടുവോ ;

(ബി) എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ ;

(സി) സംസ്ഥാനത്തെ സഹകരണമേഖലയിലെ എല്ലാ ജീവനക്കാർക്കും പെൻഷൻ പദ്ധതി ബാധകമാക്കുന്നതിനെ സംബന്ധിച്ച പെൻഷൻ ബോർഡ് എന്തെങ്കിലും നിർദ്ദേശം മുന്നോട്ടു വെച്ചിട്ടുണ്ടോ ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ ;

(ഡി) ഈ സർക്കാർ അധികാരമേറ്റശേഷം സംസ്ഥാനത്തെ ബഹുഭൂരിപക്ഷം തൊഴിലാളികൾക്കും ക്ഷേമനിധി ഏർപ്പെടുത്തിക്കഴിഞ്ഞ സാഹചര്യത്തിൽ സഹകരണമേഖലയിലെ എല്ലാ ജീവനക്കാരെയും പെൻഷൻ പദ്ധതിയുടെ കീഴിൽ കൊണ്ടുവരാൻ നടപടി സ്വീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി (ശ്രീ. എസ്. ശർമ്മ) :

(എ&ബി) സഹകരണനിയമപ്രകാരം രജിസ്റ്റർ ചെയ്തിട്ടുള്ള എല്ലാ സംഘങ്ങളിലേയും ജീവനക്കാർക്ക് സ്വാശ്രയപെൻഷൻ പദ്ധതി ബാധകമാക്കുവാൻ തീരുമാനിച്ചിട്ടുണ്ട്.

(സി) ഉണ്ട്. കേരള കോ-ഓപ്പറേറ്റീവ് സൊസൈറ്റീസ് ആക്ട് പ്രകാരം രജിസ്റ്റർ ചെയ്തിട്ടുള്ള എല്ലാ സംഘങ്ങൾക്കും പെൻഷൻ സ്കീമിൽ അംഗമാകാം എന്ന് ഭേദഗതി വരുത്തുന്ന നിർദ്ദേശം പെൻഷൻ ബോർഡ് സമർപ്പിച്ചിട്ടുണ്ട്. ഈ ഭേദഗതി അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നതാണ്.

(ഡി) നടപടി സ്വീകരിച്ചിട്ടുണ്ട്.

ട്രൈബൽ ഗേൾസ് ഹോസ്റ്റലുകളുടെ പ്രവർത്തനം

15 (*193) ശ്രീ. കടകംപള്ളി സുരേന്ദ്രൻ :
ശ്രീ. പി. കെ. കുമാരൻ :
ശ്രീ. സി. പി. ബാലൻ വൈദ്യർ :
ശ്രീ. എ. കണാരൻ :
ശ്രീ. വർഗ്ഗീസ് വൈദ്യർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടിക സമുദായക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പട്ടികവർഗ്ഗ വികസന വകുപ്പിന്റെ കീഴിലുള്ള ട്രൈബൽ ഗേൾസ് ഹോസ്റ്റലുകളുടെ പ്രവർത്തനം സർക്കാർ വിലയിരുത്തിയിട്ടുണ്ടോ ;

(ബി) എങ്കിൽ പ്രസ്തുത ഹോസ്റ്റലുകളുടെ പ്രവർത്തനം കാര്യക്ഷമവും ഫലപ്രദവുമാക്കാൻ സർക്കാർ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ ;

(സി) ട്രൈബൽ ഹോസ്റ്റലുകളുടെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനും ഹോസ്റ്റൽ മുറികളിലെ സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനും എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ; എങ്കിൽ എന്തെല്ലാം നടപടികൾ എന്ന് വ്യക്തമാക്കുമോ ;

(ഡി) സംസ്ഥാനത്തെ എല്ലാ ട്രൈബൽ ഹോസ്റ്റലുകളിലും ലേഡി വാർഡർമാരുടെ സേവനം ഉറപ്പാക്കിയിട്ടില്ല എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ ഇത് പരിഹരിക്കാൻ എന്തെങ്കിലും നടപടി സ്വീകരിക്കാൻ ഉദ്ദേശമുണ്ടോ ;

(ഇ) ട്രൈബൽ ഹോസ്റ്റലുകളിലെ അന്തേവാസികളുടെ പഠനം, സുരക്ഷ എന്നിവ കുറ്റമറ്റതാക്കാൻ എന്തെങ്കിലും പുതിയ സംവിധാനം ഏർപ്പെടുത്താൻ നടപടി സ്വീകരിക്കുമോ ;

(എഫ്) അട്ടപ്പാടിയിലെ അഗളി ട്രൈബൽ ഹോസ്റ്റൽ സംഭവത്തെ സംബന്ധിച്ച നിയമസഭയിലെ പട്ടികജാതി പട്ടികവർഗ്ഗ ക്ഷേമസമിതിയുടെ റിപ്പോർട്ട് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly